# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**


പി.ആർ.ഒ/36/60/2018 2018 മാർച്ച് 20

## പത്രക്കുറിപ്പ്

## സൗരോർജ്ജ ഉല്പാദനത്തിന് എം.ജിയിൽ ബൃഹത് പദ്ധതി

സൗരോർജ്ജ ഉല്പാദനത്തിനായി മഹാത്മഗാന്ധി സർവ്വകലാശാലയിൽ 3.5 കോടി രൂപ ചെലവിൽ ബൃഹത്തായ സോളാർ വൈദ്യുത പദ്ധതി അടുത്തമാസം പ്രവർത്തനക്ഷമമാകും. 400 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജപ്ലാന്റാണ് പൂർത്താ യായിവരുന്നത്. ഈ പദ്ധതി 800 കി.വാട്ടായി വികസിപ്പിക്കുമ്പോൾ കേരളത്തിലെ സർവ്വകലാശാലകളിൽ വൈദ്യുത ഊർജ്ജ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്ന ആദ്യ സർവ്വകലാശാലയായി എം.ജി മാറും. റൂസാ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ഒന്നാം ഘട്ടത്തിൽ സർവ്വകലാശാലയിലെ ഭരണ വിഭാഗം, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ്. സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, കെമിക്കൽ സയൻസ്, സർവ്വകലാശാല ലൈബ്രറി, സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ് സ്റ്റഡീസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് എന്നീ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് പ്രതിദിനം 1600 മുതൽ 1800 വരെ യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത്. ഇതുപയോഗിച്ച് സർവ്വകലാശാലയുടെ ഊർജ്ജാവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുകയും, അവധി ദിനങ്ങളിലും മറ്റുമായി ലഭിക്കുന്ന അധികവൈദ്യുതി കെ.എസ്.ഇ.ബിയുടെ വൈദ്യുതി ശേഖരത്തിലേക്ക് കൈമാറുകയും പൂജ്യം വൈദ്യുതിബിൽ കൈവരിക്കുകയുമാണ് ലക്ഷ്യം. ക്യാമ്പസിൽ തടസ്സമില്ലാതെ മുഴുസമയ വൈദ്യുതി വിതരണം ഉറപ്പാക്കാൻ കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും എം.ജി യൂണിവേഴ്സിറ്റികാമ്പസിലേക്ക് ഒരു ഡെഡിക്കേറ്റഡ് വൈദ്യുതലൈൻ ഈ പദ്ധതിയിൽ പൂർത്തികരിക്കും. കേന്ദ്ര ജലവിദവ, നദീ വികസന, ഗംഗാ പുനരുദ്ധാരണ മന്ത്രാലയത്തിനു കീടിലുള്ള WAPCOS എന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനമാണ്, സിയാൽ മാതൃകയിൽ വിഭാവനം ചെയ്യുന്ന ഈ

പദ്ധതി ഏറ്റെടുത്തു നടപ്പാക്കുന്നത്. എം.ജി സർവ്വകലാശാലയുടെ പരിസ്ഥിതി സൗഹൃദ നടപടികളുടെ ഭാഗമായുള്ളതാണ് ഈ സൗരോർജ്ജ പദ്ധതി.

**പരീക്ഷാ തീയതി**

ഒന്നും,ര ും സെമസ്റ്റർ എം.എ/എം.എസ്സ്.സി/എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ,റഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷകൾ ഏപ്രിൽ 5ന് ആരംഭിക്കും വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സെറ്റിൽ ലഭ്യമാണ്.

**എം.ബി.എ പ്രവേശനം**

മഹാത്മാഗാന്ധി സർവ്വകലാശാല പഠനവകുപ്പായ സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ് സ്റ്റഡിസിൽ 2018-19ൽ നടത്തുന്ന എം.ബി.എ പ്രോഗ്രാമിൽ പ്രവേശനത്തിന് ഏപ്രിൽ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങളും അപേക്ഷാ ഫോമും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.ഫിൽ ക്ലാസ്സ്**

സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റ്ക്സിലെ ഒന്നാം സെമസ്റ്റർ എം.ഫിൽ ക്ലാസ്സുകൾ ഏപ്രിൽ 2 ന് ആരംഭിക്കുന്നതാണ്

**പരീക്ഷാ ഫലം**

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്സ്.എസ്സ്, മോഡൽ -ഒന്ന്,ര ്,മൂന്ന്,റഗുലർ/റീ-അപ്പിയറൻസ്, ആർ.എൽ.വി കോളേജ് കോഴ്സുകളും, മോഡൽ ര ് ബി.എ ഇക്കണോമിക്സ് - ഫോറിൻട്രേഡ്/ഇൻഷ്വറൻസ് കോഴ്സും ഒഴികെ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷപരിശോദധനയ്ക്കും ഏപ്രിൽ 4 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ (സി.സി.എസ്.എസ്, മോഡൽ-ഒന്ന്, 2014/2015 അഡ്മിഷൻ) മാസ്സ് കമ്മ്യൂണിക്കേഷൻ ആന്റ് ജേണലിസം പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷപരിശോദധനയ്ക്കും ഏപ്രിൽ 2 വരെ അപേക്ഷിക്കാം.

**ബി.എഡ് മൂല്യനിർണ്ണയം**

ഏപ്രിൽ 22,23,24 തീയതികളിൽ എറണാകുളം സെന്റ് ജോസഫ് ട്രെയിനംഗ് കോളേജിൽ വച്ചു നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് ഉത്തരക്കടലാസ് മൂല്യനിർണ്ണയം മെയ്മാസം 3,4,5 തീയതികളിലേക്ക് മാറ്റിവച്ചു.

**ജൈവ സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് അപേക്ഷകൾ മാർച്ച് 31 വരെ**

ജൈവജീവനത്തിനുതകുന്ന നവീന ആശയങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശായിലെ BIIC – IUCOFSA സ്റ്റുഡന്റ് സ്റ്റാർട്ടപ്പിലേക്ക് മാർച്ച് 31 വരെ അപേക്ഷകൾ സമർപ്പിക്കാം ജൈവ കൃഷി, മാലിന്യ നിർമ്മാജ്ജനം ജല സംരക്ഷണം ശുചിത്വം എന്നീ മേഖലകളിലെ സംരംഭകത്വാശായങ്ങളാണ് പരിഗണിക്കുക. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിസിനസ്സ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെയും അന്തർ സർവ്വകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റയും സംയുക്താഭിമുഖ്യത്തിലാണ് പുതിയ സംരംഭങ്ങൾ തിരഞ്ഞെടുക്കുക. ശസ്ത്ര സങ്കേതിക ധനകാര്യമാനേജ്മെന്റ് മേഖലകളിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകും വാണ്യജ്യ അടിസ്ഥാനത്തിൽ നേട്ടമു ാകുന്ന ആശയങ്ങളെ പേറ്റന്റ് സംവിധാനത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സഹായവും നൽകും.

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും നിലവിലുള്ള വിദ്യാർത്ഥികൾക്കും കഴിഞ്ഞ മൂന്നു വർഷത്തിനകം പഠനം പൂർത്തിയായ പൂർവ്വ വിദ്യാർത്ഥികൾക്കും സ്റ്റുഡന്റ്സ് സ്റ്റാർട്ടപ്പിലേക്ക് അപേക്ഷകൾ സമപ്പിക്കാം www.biic.org.in എന്ന വെബ്സെറ്റിൽ ഓൺലൈൻ ആയി ആണ് അപേക്ഷ സമർപ്പിക്കേ ത്.

പബ്ലിക് റിലേഷൻസ് ഓഫീസർ